# സച്ചിൻ ടെണ്ടുൽക്കർ

## എന്റെ ജീവിതകഥ

•

## SACHIN TENDULKAR

Playing It My Way

My Autobiography





ഡിസിബുക്സ്
hachette INDIA
www.dcbooks.com
ആത്മകഥ
ISBN 978-81-264-5279-8
9 788126 452798 00002
₹ 395

എന്റെ ജീവിതകഥ • സച്ചിൻ ടെണ്ടുൽക്കർ

# ലോകക്രിക്കറ്റിലെ ഇതിഹാസമായ സച്ചിൻ ടെണ്ടുൽക്കറുടെ ആത്മകഥ

ലോകത്തേറ്റവും ആരാധകരുള്ള ക്രിക്കറ്റ് താരം, തന്റെ പതിനാറാം വയസ്സിലെ അരങ്ങേറ്റത്തെക്കുറിച്ചും നൂറാമത്തെ സെഞ്ച്വറി നേട്ടത്തെക്കുറിച്ചും വികാരഭരിതമായ വിടവാങ്ങലിനെക്കുറിച്ചുമെല്ലാം ഇതാദ്യമായി തുറന്നുപറയുന്നു.

മറ്റൊരു കളിക്കാരനിലും ജനങ്ങൾ ഇത്ര മാത്രം പ്രതീക്ഷകൾ അർപ്പിച്ചിട്ടില്ല; മറ്റൊരു കളിക്കാരനും ഇത്രയും കാലം ഇത്രയും ഉന്നതമായി കളിച്ചിട്ടുമില്ല. പരുക്കുകളുടെയും തിരിച്ചടികളുടെയും കാലങ്ങളിൽ ഇന്ത്യൻ ക്രിക്കറ്റ് ലോകം അദ്ദേഹത്തോടൊപ്പം നിലകൊണ്ടു. വേദനകളിൽ ഒരുമിച്ച് തേങ്ങി, നേട്ടങ്ങളിൽ ഒന്നിച്ച് ആറാടി. ഒടുവിൽ ഏറ്റവുമധികം റണ്ണുകളുടെയും സെഞ്ച്വറികളുടെയും റെക്കോഡുകൾ സ്വന്തമാക്കി സച്ചിൻ വിടവാങ്ങിയപ്പോൾ രാജ്യമൊന്നടങ്കം തേങ്ങി. കളിക്കളത്തിനകത്തെയും പുറത്തെയും മാന്യമായ പെരുമാറ്റംകൊണ്ട് ഹൃദയങ്ങൾ കീഴടക്കിയ സച്ചിനെ രാജ്യത്തിലെ പരമോന്നത ബഹുമതിയായ 'ഭാരതരത്നം' നൽകി രാഷ്ട്രം ആദരിച്ചു.

തന്റെ ജീവിതത്തിലെയും കരിയറിലെയും നേട്ടങ്ങളെയും കോട്ടങ്ങളെയുംകുറിച്ച് സച്ചിൻ തുറന്നെഴുതുന്ന ഈ പുസ്തകം ക്രിക്കറ്റ് പ്രേമികൾക്കും വായനാകുതുകികൾക്കും ഒരേപോലെ ആസ്വദിക്കുവാൻ കഴിയും. ജീവിതത്തിൽ നാമോരോരുത്തരും പിന്തുടരേണ്ട അർപ്പണബോധത്തിന്റെയും സത്യസന്ധതയുടെയും രാജ്യസ്നേഹത്തിന്റെയും നേർക്ക് പിടിച്ച കണ്ണാടിയാണ് ഈ കൃതിയെന്ന് നിസ്സംശയം പറയാൻ സാധിക്കും.

വിവർത്തനം: മേഘാ സുധീർ


ge Library TVK
73
8 TEN/E

TEN/E
BKS
3

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 473 Call No.

This book should be returned on or before the date last given below.

14-009 16 JAN 2016
15-003 1 MAR 2016
TMP04 19 MAR 2016
15-003 31 MAR 2016
15-015 14 JUL 2016
15-015 25 JUL 2016
15-015 5 AUG 2016
15-015 26 AUG 2016
15-015 27 OCT 2016

15-015 21/11/16
15-066 2 JAN 2016
16-032 2 FEB 2016
15-002 28 APR 2017
17-40 9 FEB 2018
17-28 2 JUL 2018

**മേഘാ സുധീർ**

1982 ഡിസംബർ 21-ന് രാധാകൃഷ്ണൻ നായർ-രാജി ദമ്പതികളുടെ മകളായി ചെങ്ങന്നൂരിൽ ജനിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും ജേർണലിസത്തിൽ ബിരുദാനന്തര ഡിപ്ലോമയും നേടി. ഭാരതീയ ക്ലാസിക്കൽ നൃത്തരൂപങ്ങളിൽ പഠനവും ഗവേഷണവും നടത്തുന്നു. ഡിസൈനറും ആഡ് ഫിലിം മേക്കറുമായ സുധീറാണ് ഭർത്താവ്.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച രവീന്ദ്രനാഥ ടാഗോറിന്റെ *യോഗായോഗ്*, *ഉദ്യാനം*, ജമീൽ അഹ്മദിന്റെ *The Wandering Falcon (അലയും പരുന്ത്)* എന്നിവയുടെ പരിഭാഷകൾ നിർവ്വഹിച്ചു.

സച്ചിൻ ടെണ്ടുൽക്കർ

# എന്റെ ജീവിതകഥ

ബോറിയ മജുംദാറിനൊപ്പം

വിവർത്തനം
മേഘാ സുധീർ

hachette INDIA

ഡി സി ബുക്സ്

## ഉള്ളടക്കം


*കൃതജ്ഞത* ............................................................ 9

*ആമുഖം* ............................................................ 11

1. എന്റെ കുട്ടിക്കാലം ............................................................ 15
2. ക്രിക്കറ്റ് പഠനം ............................................................ 29
3. എന്റെ ആദ്യ വിദേശപര്യടനം ............................................................ 51
4. വിദേശ സാഹചര്യങ്ങൾ ............................................................ 68
5. അഞ്ജലി ............................................................ 94
6. നിർമ്മാണാത്മകതയുടെ വർഷങ്ങൾ ............................................................ 107
7. ലോകകപ്പ് 1996 ............................................................ 133
8. ക്യാപ്റ്റൻ എന്ന നിലയിലുള്ള ആദ്യാനുഭവം ............................................................ 144
9. നാലുമാസത്തെ മധുവിധു ............................................................ 167
10. കാലംകെട്ട കാലം ............................................................ 188
11. എന്റെ ഏറ്റവും മികച്ച പരമ്പര ............................................................ 221
12. എന്റെ പിന്തുണ, എനിക്കുവേണ്ടി ............................................................ 232
13. തിളക്കമുള്ള ഇംഗ്ലിഷ് വേനൽക്കാലം ............................................................ 240
14. ലോകകപ്പ് 2003 ............................................................ 256
15. അകലങ്ങളിലെ വിജയങ്ങൾ ............................................................ 275
16. ശസ്ത്രക്രിയാകത്തിക്കു കീഴിൽ ............................................................ 294
17. 'എൻഡുൽക്കർ' ............................................................ 307
18. ഭാഷ മോശമായപ്പോൾ ............................................................ 315
19. മടങ്ങിവരവ് ............................................................ 334

20. ഐ. പി. എൽ. ........................................................................ 351
21. ലോക ഒന്നാം നമ്പർ ടീം ............................................ 364
22. ഒന്നാം സ്ഥാനത്ത് തുടരാൻ.......................................... 379
23. ലോകകപ്പ് 2011 ....................................................... 399
24. നൂറാം സെഞ്ച്വറിക്കായുള്ള കാത്തിരിപ്പ്............. 421
25. എന്റെ അവസാനത്തെ സീസൺ ....................................... 445
26. തിരിഞ്ഞിറങ്ങുന്നു........................................................ 460
27. എന്റെ അവസാന ടെസ്റ്റ് ................................................. 478
28. അവസാനത്തെ വാക്ക് ................................................ 495

*അനുബന്ധം*

വിടവാങ്ങൽ പ്രസംഗം ................................................ 501
കരിയർ സ്റ്റാറ്റിസ്റ്റിക്സ് ................................................ 509
വിവർത്തകക്കുറിപ്പ്.................................................... 535
പദസൂചി ........................................................................ 537

## കൃതജ്ഞത

ആരോടാണ് ഞാൻ ആദ്യം കൃതജ്ഞത രേഖപ്പെടുത്തേണ്ടത്? എന്റെ കരിയറിലുടനീളം എന്നോടൊപ്പംനിന്ന കോടാനുകോടി ക്രിക്കറ്റ് ആരാധകർക്ക് ഞാൻ എങ്ങനെയാണ് കൃതജ്ഞത രേഖപ്പെടുത്തേണ്ടത്? ഈ പുസ്തകം, അചഞ്ചലമായ പിന്തുണയും പ്രോത്സാഹനവും നൽകിയ എന്റെ ആരാധകർക്ക് സമർപ്പിച്ചുകൊണ്ട്, എന്നാണ് എന്റെ ഏറ്റവും ലളിതമായ ഉത്തരം.

പിന്നെ ഞാൻ അഗാധമായി നന്ദി പറയേണ്ടവരുടെ നിര തുടങ്ങുന്നത്, വരുംകാലത്തിനുവേണ്ടി ഞാനെന്റെ കഥ പറയണമെന്നും എനിക്കതിനു കഴിയുമെന്നും ചിന്തിച്ച എന്റെ ഭാര്യയും എല്ലാത്തിലും എന്റെ സഹകാരിയുമായ അഞ്ജലിയിൽനിന്നാണ്. എനിക്കതിനു സാധിച്ചിട്ടുണ്ടോയെന്നു വായനക്കാർക്കു മനസ്സിലാകും.

എന്റെ ഹൃദയം നിറഞ്ഞ നന്ദി ഞാൻ പറയേണ്ടത് ഇവരോടൊക്കെയാണ്: എന്നോടൊപ്പം വളരുകയും എന്നെ ഇന്നീക്കാണുന്ന ക്രിക്കറ്ററാക്കുകയും എന്റെ കഥ ഞാൻ പറയുമ്പോൾ അതിന്റെ ആവേശം പങ്കിടുകയും ചെയ്ത അജിത്തിന്. ഈ പുസ്തകത്തിന്റെ പ്രഥമലേഖ്യം വായിക്കുകയും അഭിപ്രായം പറയുകയുംചെയ്ത അദ്ദേഹത്തിനു നന്ദി.

ഈ പുസ്തകം വായിക്കുമ്പോൾ അവരെ ഞാനെന്നും സ്നേഹിച്ചിരുന്നുവെന്നും അവർ വളർന്ന വർഷങ്ങളിൽ അവർക്കൊപ്പം ഇല്ലാതിരുന്നപ്പോൾ എന്റെ മനസ്സിലെ തോന്നലുകൾ എന്തായിരുന്നുവെന്നും മനസ്സിലാക്കാൻ പോകുന്ന സാറയ്ക്കും അർജുനും.

എന്റെ കുടുംബസുഹൃത്തെന്നോ അതിലുപരി മറ്റെന്തൊക്കെയോ കൂടിയാണെന്നോ പറയാൻ കഴിയുന്ന, ഇത് എഴുതുന്ന കാലത്ത് എന്റെ യഥാർത്ഥ പ്രചോദനമായിരുന്ന അപർണാ സന്താനം. ഇതിലെ ഓരോ അധ്യായങ്ങളും അവർ വായിക്കുകയുണ്ടായി. അവർ പറഞ്ഞ നിർദ്ദേശങ്ങൾ വിലപിടിപ്പുള്ളവയായിരുന്നു.

എന്റെ മാനേജറും നല്ലൊരു സുഹൃത്തുമായ, ആത്മകഥ എന്ന ആശയം ആദ്യം എന്നോടു പറഞ്ഞ, കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി സാമ്പത്തികസംബന്ധമായ എല്ലാ കാര്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന വിനോദ് നായിഡുവിന്.

സമയപരിധിയെക്കുറിച്ചും ഈ പുസ്തകം ഞങ്ങൾ തീർക്കേണ്ട അവസാന തീയതിയെക്കുറിച്ചും കൂടക്കൂടയെങ്കിലും വളരെ സൗമ്യമായി എന്നോടു പറഞ്ഞിരുന്ന അമിത് ബംഗാറിന്.